# പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2026 ജൂൺ 30, ചൊവ്വ

**നമ്പർ 12**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50):

സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം പ്രാബല്യത്തിൽ വന്നതുമുതൽ വറുതിയിലായ മത്സ്യത്തൊഴിലാളികളുടെ പഞ്ഞമാസ ആനുകൂല്യം വിതരണം ചെയ്യാത്തതുമൂലം മത്സ്യത്തൊഴിലാളി സമൂഹത്തിൽ ഉളവായതായി പറയപ്പെടുന്ന ആശങ്കയും ബുദ്ധിമുട്ടുകളും സഭ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. സജി ചെറിയാനും മറ്റ് രണ്ട് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെയും മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പ് മന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ:

(1) ആലുവയിൽ നിലവിലുള്ള ജലശുദ്ധീകരണ ശാലയ്ക്ക് സമീപം കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള സ്ഥലത്ത് കൊച്ചി കോർപ്പറേഷനും സമീപ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പുതിയ ജലശുദ്ധീകരണശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ടി. ജെ. വിനോദ് ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. വിദ്യാർത്ഥികളിൽ നിന്ന് നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മാനേജ്മെന്റ് ഈടാക്കിയ അധിക ഫീസ് തിരിച്ചുകൊടുക്കാത്ത സാഹചര്യത്തെക്കുറിച്ച് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ആരോഗ്യം-ദേവസ്വം വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ആരോഗ്യം-ദേവസ്വം വകുപ്പ് മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീമതി രമ്യ ഹരിദാസ് | ചിറയീൻകീഴ് നിയോജക മണ്ഡലത്തിലെ അഞ്ചുതെങ്ങ് പ്രദേശം നേരിടുന്ന തീരശോഷണം സംബന്ധിച്ച് | ബഹു. മുഖ്യമന്ത്രി |
| 2. | ശ്രീ. പി. കെ. ഫിറോസ് | കോഴിക്കോട് കട്ടിപ്പാറയിലെ അറവുമാലിന്യ സംസ്കരണ കമ്പനിയായ ഫ്രഷ് കട്ട് ഉണ്ടാക്കുന്ന മലിനീകരണം തടയാൻ നടപടി | ബഹു. മുഖ്യമന്ത്രി |
| 3. | ശ്രീ. അബിൻ വർക്കി കോടിയാട്ട് | ഓൺലൈൻ തട്ടിപ്പുകൾ തടയുന്നത് സംബന്ധിച്ച് | ബഹു. ആഭ്യന്തരം-വിജിലൻസ്, കയർ വകുപ്പ് മന്ത്രി |
| 4. | ശ്രീ. പി. കെ. പ്രവീൺ | ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ സ്ഥാപിക്കുന്നതിന് ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് | ബഹു. വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി |
| 5. | ശ്രീ. പി. കെ. നവാസ് | താനൂർ നിയോജക മണ്ഡലത്തിലെ കടലോര പ്രദേശങ്ങളിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിനും തകർന്ന കടൽഭിത്തികൾ പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്. | ബഹു. ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| 6. | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | സുൽത്താൻബത്തേരി താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്താൻ നടപടി | ബഹു. ആരോഗ്യം-ദേവസ്വം വകുപ്പ് മന്ത്രി |
| 7. | ശ്രീ. സി. ആർ. മഹേഷ് | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ പ്രത്യേക ക്യാൻസർ ചികിത്സാ വിഭാഗം, ബ്ലഡ് ബാങ്ക്, കാർഡിയോളജി വിഭാഗം എന്നിവ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് | ബഹു. ആരോഗ്യം-ദേവസ്വം വകുപ്പ് മന്ത്രി |
| 8. | ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ | കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുന്നത് സംബന്ധിച്ച് | ബഹു. ആരോഗ്യം-ദേവസ്വം വകുപ്പ് മന്ത്രി |
| 9. | ശ്രീ. എം. വിൻസെന്റ് | വെള്ളായണി കായലിലെ ജലവിതാനത്തിനടിയിൽപ്പെട്ടു പോയ ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് | ബഹു. റവന്യൂ വകുപ്പ് മന്ത്രി |
| 10. | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | സംസ്ഥാനത്തെ കായിക അധ്യാപകരുടെ സേവന-തസ്തിക സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കായിക വിദ്യാഭ്യാസത്തിന് അർഹമായ പരിഗണന നൽകുന്നതിനും നടപടി | ബഹു. പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി |
| 11. | ശ്രീ. എ. പ്രഭാകരൻ | മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണം അതിവേഗം പൂർത്തീകരിക്കുന്നത് സംബന്ധിച്ച് | ബഹു. വിനോദസഞ്ചാര-സാംസ്കാരിക വകുപ്പ് മന്ത്രി |
| 12. | ശ്രീമതി ഒ. എസ്. അംബിക | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട് - മീരാൻകടവ് റോഡിന്റെ നവീകരണം സംബന്ധിച്ച് | ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| 13. | ശ്രീ. രമേശ് പിഷാരടി | പാലക്കാട് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങളും ചികിത്സാ സൗകര്യങ്ങളും കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി |
| 14. | ശ്രീ. കെ. യു. ജനീഷ് കുമാർ | വനഭൂമിയോട് ചേർന്നുകിടക്കുന്ന പട്ടയഭൂമിയിലെ താമസക്കാർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് | ബഹു. കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി |

അതാത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

ചട്ടം 118 അനുസരിച്ചുള്ള ഗവൺമെന്റ് പ്രമേയം :

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. റോജി എം. ജോൺ ചട്ടം 118 പ്രകാരം ഒരു പ്രമേയം അവതരിപ്പിച്ചു.

ശ്രീ. കെ. പ്രേംകുമാർ, ശ്രീ. ആര്യാടൻ ഷൗക്കത്ത്, ശ്രീ. വി. മുരളീധരൻ എന്നിവർ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു. ശ്രീ. കെ. പ്രേംകുമാർ, ശ്രീ. ആര്യാടൻ ഷൗക്കത്ത് എന്നിവർ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ശ്രീ. വി. മുരളീധരൻ അവതരിപ്പിച്ച ഭേദഗതി സഭ തള്ളുകയും ചെയ്തു.

താഴെപ്പറയുന്ന പ്രമേയം സഭ പാസ്സാക്കി.

"രാജ്യത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലേക്കുള്ള പ്രവേശനത്തിനായുള്ള ഏകീകൃത ദേശീയ പ്രവേശന പരീക്ഷയായ നീറ്റ് (NEET) പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട ചോദ്യപേപ്പർ ചോർച്ച, പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ, പരീക്ഷാകേന്ദ്രങ്ങളിലെ ഭരണപരവും സാങ്കേതികവുമായ വീഴ്ചകൾ, മാർക്ക് നിർണയത്തിലെയും ഫലപ്രഖ്യാപനത്തിലെയും അപാകതകൾ എന്നിവ മൂലം പരീക്ഷയുടെ വിശ്വാസ്യത, സുതാര്യത, നിഷ്പക്ഷത എന്നിവ ചോദ്യം ചെയ്യപ്പെടുന്ന ഗുരുതരമായ സാഹചര്യത്തിലാണ് ഈ പ്രമേയം സഭയിൽ അവതരിപ്പിക്കുന്നത്.

രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസ സ്വപ്നങ്ങളെയും ഭാവിജീവിതത്തെയും നിർണയിക്കുന്ന അതീവ പ്രാധാന്യമുള്ള ഒരു ദേശീയ പ്രവേശന പരീക്ഷയുടെ വിശ്വാസ്യത ആവർത്തിച്ച് ചോദ്യം ചെയ്യപ്പെടുകയും പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് നിരന്തരമായി ഉയർന്നുവരുന്ന പരാതികളും അന്വേഷണങ്ങളും കോടതികളുടെ ഇടപെടലുകളും പൊതുസമൂഹത്തിൽ വ്യാപകമായ ആശങ്കയും അവിശ്വാസവും സൃഷ്ടിച്ചിരിക്കുന്ന സാഹചര്യം അതീവ ദൗർഭാഗ്യകരമാണ്. ഇത്തരത്തിലുള്ള സംഭവ വികാസങ്ങൾ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും മാനസിക സുരക്ഷിതത്വത്തെയും പൊതുജനങ്ങളുടെ പരീക്ഷാ സംവിധാനത്തോടുള്ള വിശ്വാസത്തെയും ബാധിക്കുന്നതോടൊപ്പം രാജ്യത്തെ പൊതുപ്രവേശന പരീക്ഷാ സംവിധാനത്തിന്റെ വിശ്വാസ്യതയ്ക്കുതന്നെ ഗുരുതരമായ ആഘാതം സൃഷ്ടിച്ചിരിക്കുകയാണ്. പരീക്ഷാ നടത്തിപ്പിലെ ഗുരുതരമായ വീഴ്ചകളും ക്രമക്കേടുകളും പുറത്തുവന്നിട്ടും അവയുടെ ഗൗരവം യഥാസമയം അംഗീകരിക്കാതെ ഫലപ്രദമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ കേന്ദ്ര സർക്കാരിന്റെയും ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളുടെയും സമീപനം പ്രതിഷേധാർഹമാണ്.

കേരളത്തിലെ വലിയൊരു വിഭാഗം വിദ്യാർത്ഥികൾ ഉൾപ്പെടെ രാജ്യത്തുടനീളമുള്ള പരീക്ഷാർത്ഥികൾ വർഷങ്ങളായുള്ള കഠിനാധ്വാനത്തിലൂടെയും ത്യാഗപൂർണമായ തയ്യാറെടുപ്പുകളിലൂടെയും ആർജിച്ച അവസരങ്ങൾ പരീക്ഷാ ക്രമക്കേടുകളുടെയും ഭരണപരമായ വീഴ്ചകളുടെയും ഫലമായി പ്രതികൂലമായി ബാധിക്കപ്പെട്ട സാഹചര്യം അത്യന്തം ഖേദകരവും ഭരണഘടന ഉറപ്പുനൽകുന്ന തുല്യാവസരത്തിന്റെയും സാമൂഹ്യനീതിയുടെയും തത്വങ്ങൾക്ക് നിരക്കാത്തതുമാണ്. ഇത്തരം ആവർത്തിച്ചുണ്ടാകുന്ന സംഭവവികാസങ്ങൾ നിലവിലെ കേന്ദ്രീകൃത ദേശീയ പരീക്ഷാ നടത്തിപ്പ് സംവിധാനത്തിന്റെ കാര്യക്ഷമത, ഉത്തരവാദിത്തം, വിശ്വാസ്യത എന്നിവയെക്കുറിച്ച് ഗൗരവമായ സംശയങ്ങൾ ഉയർത്തുന്നു.

നീറ്റ് (NEET) പരീക്ഷയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിവാദങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങളല്ലെന്നും, സമീപകാലത്ത് ദേശീയ പരീക്ഷാ ഏജൻസിയായ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (N.T.A.) സംഘടിപ്പിച്ച നീറ്റ് (NEET-U.G.), കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് (C.U.E.T.-U.G.), യു.ജി.സി - സി.എസ്.ഐ.ആർ (U.G.C.-C.S.I.R.) പരീക്ഷകൾ ഉൾപ്പെടെയുള്ള വിവിധ ദേശീയതല പ്രവേശന പരീക്ഷകളിലും, അതോടൊപ്പം സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ (S.S.C.), റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് (R.R.B.) തുടങ്ങിയ കേന്ദ്ര സർക്കാർ ഏജൻസികൾ നടത്തുന്ന നിയമന പരീക്ഷകളിലും ചോദ്യപേപ്പർ ചോർച്ച, പരീക്ഷാ ക്രമക്കേടുകൾ, പരീക്ഷകൾ മാറ്റിവെയ്ക്കൽ, റദ്ദാക്കൽ, സാങ്കേതിക തകരാറുകൾ, സുരക്ഷാ വീഴ്ചകൾ, ഭരണപരമായ അനാസ്ഥ എന്നിവ ആവർത്തിച്ചുണ്ടായിട്ടുള്ളതും സി.ബി.എസ്.ഇ. (പ്ലസ് ടു) പരീക്ഷയിൽ ഉണ്ടായ

ക്രമക്കേടുകളും രാജ്യത്തെ പ്രവേശന-നിയമന പരീക്ഷാ സംവിധാനത്തിൽ ഘടനാപരവും ഭരണപരവുമായ ഗുരുതര പോരായ്മകൾ നിലനിൽക്കുന്നുവെന്നതിന്റെ വ്യക്തമായ സൂചനയാണ്.

പരീക്ഷാ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരെയും സ്ഥാപനങ്ങളെയും സംഘടിത പരീക്ഷാ ക്രമക്കേട് ശൃംഖലകളെയും കണ്ടെത്തി അവരുടെമേൽ മാതൃകാപരമായ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം, ഭരണപരമായ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം വ്യക്തമായി നിർണയിച്ച് നിയമാനുസൃതമായ ശിക്ഷാനടപടികൾ ഉറപ്പാക്കുകയും പരീക്ഷാ നടത്തിപ്പിലെ എല്ലാ ഘട്ടങ്ങളിലും സാങ്കേതിക സുരക്ഷയും സ്വതന്ത്ര മേൽനോട്ടവും നിർബന്ധമാക്കുന്ന സമഗ്രമായ നിയമ നിർമ്മാണം കേന്ദ്ര സർക്കാർ കൊണ്ടുവന്നാൽ മാത്രമേ ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി വിദ്യാർത്ഥികൾ ജീവനൊടുക്കേണ്ടിവന്ന ദാരുണ സംഭവങ്ങൾ ഉണ്ടായ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ ജീവനും അന്തസ്സും വിദ്യാഭ്യാസാവകാശവും സംരക്ഷിക്കുകയും വിശ്വാസ്യതയുള്ള പരീക്ഷാ സംവിധാനം ഉറപ്പാക്കുകയും ചെയ്യേണ്ടത് ഭരണകൂടത്തിന്റെ അടിസ്ഥാന ഉത്തരവാദിത്തമാണ്.

വിദ്യാഭ്യാസം ഭരണഘടനയുടെ സംയുക്ത പട്ടികയിൽ ഉൾപ്പെടുന്ന വിഷയമാണെന്ന വസ്തുത പരിഗണിച്ചും ഫെഡറൽ സംവിധാനത്തിന്റെ അടിസ്ഥാനതത്വങ്ങൾ മാനിച്ചും ദേശീയ പ്രവേശന പരീക്ഷകളുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും യഥോചിതമായി പരിഗണിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനം ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

രാജ്യത്തെ വിദ്യാർത്ഥികളുടെ ഭരണഘടനാപരമായ അവകാശങ്ങളും തുല്യ അവസരങ്ങളും സംരക്ഷിക്കുകയും ദേശീയ പ്രവേശന പരീക്ഷകളുടെ വിശ്വാസ്യത, സുതാര്യത, നിഷ്പക്ഷത എന്നിവ പൂർണമായി പുനഃസ്ഥാപിക്കുകയും ചെയ്യുന്ന തരത്തിൽ ദേശീയ പരീക്ഷാ സംവിധാനം സമഗ്രമായി പരിഷ്കരിക്കുന്നതിനാവശ്യമായ അടിയന്തരവും ഫലപ്രദവുമായ നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു."

<u>ധനകാര്യം:</u>

**2026-2027 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.**

പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ. പി. കെ. ബഷീർ പൊതുമരാമത്ത് എന്ന XV- ാം നമ്പർ ധനാഭ്യർത്ഥന, ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി ശ്രീ. മോൻസ് ജോസഫ്

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX - ാം നമ്പർ ധനാഭ്യർത്ഥന, ഭവനനിർമ്മാണം എന്ന XXI- ാം നമ്പർ ധനാഭ്യർത്ഥന, ജലസേചനം എന്ന XXXVIII- ാം നമ്പർ ധനാഭ്യർത്ഥന, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. കെ. എം. ഷാജി നഗര വികസനം എന്ന XXII- ാം നമ്പർ ധനാഭ്യർത്ഥന, പഞ്ചായത്ത് എന്ന XXXV- ാം നമ്പർ ധനാഭ്യർത്ഥന, ഗ്രാമവികസനം എന്ന XXXVI- ാം നമ്പർ ധനാഭ്യർത്ഥന, തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി ബിന്ദു കൃഷ്ണ തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV- ാം നമ്പർ ധനാഭ്യർത്ഥന, പട്ടികജാതി, പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി കെ. എ. തുളസി പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV- ാം നമ്പർ ധനാഭ്യർത്ഥന, കൃഷി വകുപ്പ് മന്ത്രി ടി. സിദ്ദിഖ് കൃഷി എന്ന XXIX- ാം നമ്പർ ധനാഭ്യർത്ഥന, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ. അനൂപ് ജേക്കബ് ഭക്ഷ്യം എന്ന XXX- ാം നമ്പർ ധനാഭ്യർത്ഥന, മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പ് മന്ത്രി ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ മത്സ്യബന്ധനം എന്ന XXXIII- ാം നമ്പർ ധനാഭ്യർത്ഥന, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI- ാം നമ്പർ ധനാഭ്യർത്ഥന, വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പ് മന്ത്രി ശ്രീ. ഷിബു ബേബി ജോൺ വനം എന്ന XXXIV- ാം നമ്പർ ധനാഭ്യർത്ഥന, ഗതാഗത വകുപ്പ് മന്ത്രി ശ്രീ. സി. പി. ജോൺ ഗതാഗതം എന്ന XLI- ാം നമ്പർ ധനാഭ്യർത്ഥന, വിനോദസഞ്ചാര-സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. പി. സി. വിഷ്ണുനാഥ് വിനോദസഞ്ചാരം എന്ന XLII- ാം നമ്പർ ധനാഭ്യർത്ഥന എന്നിങ്ങനെ പ്രസ്തുത ധനാഭ്യർത്ഥനകളുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5 - ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. എം. വിൻസെന്റ്

ശ്രീ. പി. പി. സുമോദ്

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീമതി ഗീതാഗോപി

ശ്രീ. റെജി ചെറിയാൻ

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. ജി. സുധാകരൻ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. എം. എം. നസീർ

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. പി. കെ. നവാസ്

ശ്രീ. സേനാപതി വേണു

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ. പി. കെ. ബഷീർ, ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി ശ്രീ. മോൻസ് ജോസഫ്, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. കെ. എം. ഷാജി, തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി ബിന്ദു കൃഷ്ണ, പട്ടികജാതി, പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി കെ. എ. തുളസി, കൃഷി വകുപ്പ് മന്ത്രി ശ്രീ. ടി. സിദ്ദിഖ്, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ. അനൂപ് ജേക്കബ്, മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പ് മന്ത്രി ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ, വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പ് മന്ത്രി ശ്രീ. ഷിബു ബേബി ജോൺ, ഗതാഗത വകുപ്പ് മന്ത്രി ശ്രീ. സി. പി. ജോൺ, വിനോദസഞ്ചാര-സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. പി. സി. വിഷ്ണുനാഥ് എന്നിവർ മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XV, XX, XXI, XXII,

XXIV, XXV, XXIX, XXX, XXXIII, XXXIV, XXXV, XXXVI, XXXVIII, XLI, XLII, XLVI എന്നിവ വോട്ടിനിട്ട് പാസ്സാക്കി. ധനാഭ്യർത്ഥനകൾ I, IV, VII, X, XI, XIII, XIV, XVI, XIX, XXIII, XXVI, XXVIII, XXXI, XXXII, XLIII, XLV എന്നിവ ചർച്ച കൂടാതെ പാസ്സാക്കി.

2026 ജൂലൈ 1- ാം തീയതി, ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 6.05-ന് സഭ പിരിഞ്ഞു.

**ഷാജി സി. ബേബി,**

*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

## SIXTEENTH KERALA LEGISLATIVE ASSEMBLY

First Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, June 30, 2026*

**No. 12**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion (Rule 50):*

Shri Saji Cherian and two other members had given notice for an adjournment motion to discuss the worries and hardships faced by the fishing community due to the non-distribution of the off-season allowance to fishermen, amid the trawling ban in the State. On the ground of the explanation from the Chief Minister and the Minister for Fisheries & Social Justice, the Speaker denied leave to present the motion for adjournment.

(Protesting the Government's stance, Members of the opposition parties staged a walkout.)

*Calling Attention:*

1. Shri T. J. Vinod called the attention of the Minister for Water Resources and Housing to the necessity to establish a new water treatment plant on land owned by the Kerala Water Authority near the existing water treatment plant in Aluva so that the Kochi Corporation and the adjacent Municipalities and Panchayats can benefit from it. The Minister for Water Resources and Housing made a statement in this regard.

2. Shri Xavier Chittilappilly called the attention of the Minister for Health and Devaswoms regarding the collection and non-refund of excess fees collected

by the management from M.B.B.S. students in self-financing medical colleges in the State, contrary to the instructions of the National Medical Commission. The Minister for Health and Devaswoms made a statement in this regard.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീമതി രമ്യ ഹരിദാസ് | ചിറയീൻകീഴ് നിയോജക മണ്ഡലത്തിലെ അഞ്ചുതെങ്ങ് പ്രദേശം നേരിടുന്ന തീരശോഷണം സംബന്ധിച്ച് | ബഹു. മുഖ്യമന്ത്രി |
| 2. | ശ്രീ. പി. കെ. ഫിറോസ് | കോഴിക്കോട് കട്ടിപ്പാറയിലെ അറവുമാലിന്യ സംസ്കരണ കമ്പനിയായ ഫ്രഷ് കട്ട് ഉണ്ടാക്കുന്ന മലിനീകരണം തടയാൻ നടപടി | ബഹു. മുഖ്യമന്ത്രി |
| 3. | ശ്രീ. അബിൻ വർക്കി കോടിയാട്ട് | ഓൺലൈൻ തട്ടിപ്പുകൾ തടയുന്നത് സംബന്ധിച്ച് | ബഹു. ആഭ്യന്തരം-വിജിലൻസ്, കയർ വകുപ്പ് മന്ത്രി |
| 4. | ശ്രീ. പി. കെ. പ്രവീൺ | ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ സ്ഥാപിക്കുന്നതിന് ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് | ബഹു. വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി |
| 5. | ശ്രീ. പി. കെ. നവാസ് | താനൂർ നിയോജക മണ്ഡലത്തിലെ കടലോര പ്രദേശങ്ങളിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിനും തകർന്ന കടൽഭിത്തികൾ പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്. | ബഹു. ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| 6. | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | സുൽത്താൻബത്തേരി താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്താൻ നടപടി | ബഹു. ആരോഗ്യം-ദേവസ്വം വകുപ്പ് മന്ത്രി |
| 7. | ശ്രീ. സി. ആർ. മഹേഷ് | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ പ്രത്യേക ക്യാൻസർ ചികിത്സാ വിഭാഗം, ബ്ലഡ് ബാങ്ക്, കാർഡിയോളജി വിഭാഗം എന്നിവ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് | ബഹു. ആരോഗ്യം-ദേവസ്വം വകുപ്പ് മന്ത്രി |
| 8. | ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ | കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുന്നത് സംബന്ധിച്ച് | ബഹു. ആരോഗ്യം-ദേവസ്വം വകുപ്പ് മന്ത്രി |
| 9. | ശ്രീ. എം. വിൻസെന്റ് | വെള്ളായണി കായലിലെ ജലവിതാനത്തിനടിയിൽപ്പെട്ടുപോയ ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് | ബഹു. റവന്യൂ വകുപ്പ് മന്ത്രി |
| 10. | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | സംസ്ഥാനത്തെ കായിക അധ്യാപകരുടെ സേവന-തസ്തിക സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കായിക വിദ്യാഭ്യാസത്തിന് അർഹമായ പരിഗണന നൽകുന്നതിനും നടപടി | ബഹു. പൊതുവിദ്യാഭ്യാസ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി |
| 11. | ശ്രീ. എ. പ്രഭാകരൻ | മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണം അതിവേഗം പൂർത്തീകരിക്കുന്നത് സംബന്ധിച്ച് | ബഹു. വിനോദസഞ്ചാര-സാംസ്കാരിക വകുപ്പ് മന്ത്രി |
| 12. | ശ്രീമതി ഒ. എസ്. അംബിക | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട് - മീരാൻകടവ് റോഡിന്റെ നവീകരണം സംബന്ധിച്ച് | ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| 13. | ശ്രീ. രമേശ് പിഷാരടി | പാലക്കാട് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങളും ചികിത്സാ സൗകര്യങ്ങളും കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി |
| 14. | ശ്രീ. കെ. യു. ജനീഷ് കുമാർ | വനഭൂമിയോട് ചേർന്നുകിടക്കുന്ന പട്ടയഭൂമിയിലെ താമസക്കാർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് | ബഹു. കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി |

The Ministers concerned made statements on the respective subjects.

*Government Resolution (Rule 118):*

Shri Roji M. John, Minister for Higher Education moved a resolution under Rule 118.

Shri. K. Premkumar, Sri. Aryadan Shoukath, and Shri. V. Muraleedharan moved amendments to the resolution. The amendments by Shri. K. Premkumar and Shri. Aryadan Shoukath were withdrawn with the leave of the house and the amendment moved by Shri. V. Muraleedharan is negatived by the House.

The House adopted the resolution without any amendments as stated below:

"രാജ്യത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലേക്കുള്ള പ്രവേശനത്തിനായുള്ള ഏകീകൃത ദേശീയ പ്രവേശന പരീക്ഷയായ നീറ്റ് (NEET) പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട ചോദ്യപേപ്പർ ചോർച്ച, പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ, പരീക്ഷാകേന്ദ്രങ്ങളിലെ ഭരണപരവും സാങ്കേതികവുമായ വീഴ്ചകൾ, മാർക്ക് നിർണയത്തിലെയും ഫലപ്രഖ്യാപനത്തിലെയും അപാകതകൾ എന്നിവ മൂലം പരീക്ഷയുടെ വിശ്വാസ്യത, സുതാര്യത, നിഷ്പക്ഷത എന്നിവ ചോദ്യം ചെയ്യപ്പെടുന്ന ഗുരുതരമായ സാഹചര്യത്തിലാണ് ഈ പ്രമേയം സഭയിൽ അവതരിപ്പിക്കുന്നത്.

രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസ സ്വപ്നങ്ങളെയും ഭാവിജീവിതത്തെയും നിർണയിക്കുന്ന അതീവ പ്രാധാന്യമുള്ള ഒരു ദേശീയ പ്രവേശന പരീക്ഷയുടെ വിശ്വാസ്യത ആവർത്തിച്ച് ചോദ്യം ചെയ്യപ്പെടുകയും പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് നിരന്തരമായി ഉയർന്നുവരുന്ന പരാതികളും അന്വേഷണങ്ങളും കോടതികളുടെ ഇടപെടലുകളും പൊതുസമൂഹത്തിൽ വ്യാപകമായ ആശങ്കയും അവിശ്വാസവും സൃഷ്ടിച്ചിരിക്കുന്ന സാഹചര്യം അതീവ ദൗർഭാഗ്യകരമാണ്. ഇത്തരത്തിലുള്ള സംഭവവികാസങ്ങൾ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും മാനസിക സുരക്ഷിതത്വത്തെയും പൊതുജനങ്ങളുടെ പരീക്ഷാ സംവിധാനത്തോടുള്ള വിശ്വാസത്തെയും ബാധിക്കുന്നതോടൊപ്പം രാജ്യത്തെ പൊതുപ്രവേശന പരീക്ഷാ സംവിധാനത്തിന്റെ വിശ്വാസ്യതയ്ക്കുതന്നെ ഗുരുതരമായ ആഘാതം സൃഷ്ടിച്ചിരിക്കുകയാണ്. പരീക്ഷാ നടത്തിപ്പിലെ ഗുരുതരമായ വീഴ്ചകളും ക്രമക്കേടുകളും പുറത്തുവന്നിട്ടും അവയുടെ ഗൗരവം യഥാസമയം അംഗീകരിക്കാതെ ഫലപ്രദമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ കേന്ദ്ര സർക്കാരിന്റെയും ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളുടെയും സമീപനം പ്രതിഷേധാർഹമാണ്.

കേരളത്തിലെ വലിയൊരു വിഭാഗം വിദ്യാർത്ഥികൾ ഉൾപ്പെടെ രാജ്യത്തുടനീളമുള്ള പരീക്ഷാർത്ഥികൾ വർഷങ്ങളായുള്ള കഠിനാധ്വാനത്തിലൂടെയും ത്യാഗപൂർണമായ തയ്യാറെടുപ്പുകളിലൂടെയും ആർജിച്ച അവസരങ്ങൾ പരീക്ഷാ ക്രമക്കേടുകളുടെയും ഭരണപരമായ വീഴ്ചകളുടെയും ഫലമായി പ്രതികൂലമായി ബാധിക്കപ്പെട്ട സാഹചര്യം അത്യന്തം ഖേദകരവും ഭരണഘടന ഉറപ്പുനൽകുന്ന തുല്യാവസരത്തിന്റെയും സാമൂഹ്യനീതിയുടെയും തത്വങ്ങൾക്ക് നിരക്കാത്തതുമാണ്. ഇത്തരം ആവർത്തിച്ചുണ്ടാകുന്ന സംഭവവികാസങ്ങൾ നിലവിലെ കേന്ദ്രീകൃത ദേശീയ പരീക്ഷാ നടത്തിപ്പ് സംവിധാനത്തിന്റെ കാര്യക്ഷമത, ഉത്തരവാദിത്തം, വിശ്വാസ്യത എന്നിവയെക്കുറിച്ച് ഗൗരവമായ സംശയങ്ങൾ ഉയർത്തുന്നു.

നീറ്റ് (NEET) പരീക്ഷയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിവാദങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങളല്ലെന്നും, സമീപകാലത്ത് ദേശീയ പരീക്ഷാ ഏജൻസിയായ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (N.T.A.) സംഘടിപ്പിച്ച നീറ്റ് (NEET-U.G.), കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് (C.U.E.T.-U.G.), യു.ജി.സി - സി.എസ്.ഐ.ആർ (U.G.C.-C.S.I.R.) പരീക്ഷകൾ ഉൾപ്പെടെയുള്ള വിവിധ ദേശീയതല പ്രവേശന പരീക്ഷകളിലും, അതോടൊപ്പം സ്റ്റാഫ്

സെലക്ഷൻ കമ്മീഷൻ (S.S.C.), റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് (R.R.B.) തുടങ്ങിയ കേന്ദ്ര സർക്കാർ ഏജൻസികൾ നടത്തുന്ന നിയമന പരീക്ഷകളിലും ചോദ്യപേപ്പർ ചോർച്ച, പരീക്ഷാ ക്രമക്കേടുകൾ, പരീക്ഷകൾ മാറ്റിവെയ്ക്കൽ, റദ്ദാക്കൽ,

സാങ്കേതിക തകരാറുകൾ, സുരക്ഷാ വീഴ്ചകൾ, ഭരണപരമായ അനാസ്ഥ എന്നിവ ആവർത്തിച്ചുണ്ടായിട്ടുള്ളതും സി.ബി.എസ്.ഇ. (പ്ലസ് ടു) പരീക്ഷയിൽ ഉണ്ടായ ക്രമക്കേടുകളും രാജ്യത്തെ പ്രവേശന-നിയമന പരീക്ഷാ സംവിധാനത്തിൽ ഘടനാപരവും ഭരണപരവുമായ ഗുരുതര പോരായ്മകൾ നിലനിൽക്കുന്നുവെന്നതിന്റെ വ്യക്തമായ സൂചനയാണ്.

പരീക്ഷാ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരെയും സ്ഥാപനങ്ങളെയും സംഘടിത പരീക്ഷാ ക്രമക്കേട് ശൃംഖലകളെയും കണ്ടെത്തി അവരുടെമേൽ മാതൃകാപരമായ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം, ഭരണപരമായ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം വ്യക്തമായി നിർണയിച്ച് നിയമാനുസൃതമായ ശിക്ഷാനടപടികൾ ഉറപ്പാക്കുകയും പരീക്ഷാ നടത്തിപ്പിലെ എല്ലാ ഘട്ടങ്ങളിലും സാങ്കേതിക സുരക്ഷയും സ്വതന്ത്ര മേൽനോട്ടവും നിർബന്ധമാക്കുന്ന സമഗ്രമായ നിയമ നിർമ്മാണം കേന്ദ്ര സർക്കാർ കൊണ്ടുവന്നാൽ മാത്രമേ ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി വിദ്യാർത്ഥികൾ ജീവനൊടുക്കേണ്ടിവന്ന ദാരുണ സംഭവങ്ങൾ ഉണ്ടായ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ ജീവനും അന്തസ്സും വിദ്യാഭ്യാസാവകാശവും സംരക്ഷിക്കുകയും വിശ്വാസ്യതയുള്ള പരീക്ഷാ സംവിധാനം ഉറപ്പാക്കുകയും ചെയ്യേണ്ടത് ഭരണകൂടത്തിന്റെ അടിസ്ഥാന ഉത്തരവാദിത്തമാണ്.

വിദ്യാഭ്യാസം ഭരണഘടനയുടെ സംയുക്ത പട്ടികയിൽ ഉൾപ്പെടുന്ന വിഷയമാണെന്ന വസ്തുത പരിഗണിച്ചും ഫെഡറൽ സംവിധാനത്തിന്റെ അടിസ്ഥാനതത്വങ്ങൾ മാനിച്ചും ദേശീയ പ്രവേശന പരീക്ഷകളുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും യഥോചിതമായി പരിഗണിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനം ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

രാജ്യത്തെ വിദ്യാർത്ഥികളുടെ ഭരണഘടനാപരമായ അവകാശങ്ങളും തുല്യ അവസരങ്ങളും സംരക്ഷിക്കുകയും ദേശീയ പ്രവേശന പരീക്ഷകളുടെ വിശ്വാസ്യത, സുതാര്യത, നിഷ്പക്ഷത എന്നിവ പൂർണമായി പുനഃസ്ഥാപിക്കുകയും ചെയ്യുന്ന തരത്തിൽ ദേശീയ പരീക്ഷാ സംവിധാനം സമഗ്രമായി പരിഷ്കരിക്കുന്നതിനാവശ്യമായ അടിയന്തരവും ഫലപ്രദവുമായ നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു."

**Financial Business:**

*Discussion and Voting on Demands for Grants in the Revised Budget for the financial year 2026-2027*

Minister for Public Works Shri. P. K. Basheer moved Demand No. XV – Public Works, Minister for Water Resources and Housing Shri Mons Joseph moved Demand No. XX – Water Supply and Sanitation, Demand No. XXI – Housing, and Demand No. XXXVIII – Irrigation, Minister for Local Self Government Shri K. M. Shaji moved Demand No. XXII – Urban Development, Demand No. XXXV – Panchayat and Demand No. XXXVI – Rural Development, Minister for Labour, Animal Husbandry & Women and Child Development Smt. Bindu Krishna moved Demand No. XXIV – Labour, Labour Welfare and Welfare of Non-Residents, Minister for Welfare of Scheduled Castes, Scheduled Tribes & Backward Classes Smt. K. A. Thulasi moved Demand No. XXV – Welfare of Scheduled Castes/Scheduled Tribes/Other Backward Classes and Minorities, Minister for Agriculture Shri T. Siddique moved Demand No. XXIX – Agriculture, Minister for Food and Civil Supplies Shri Anoop Jacob moved Demand No. XXX – Food, Minister for Fisheries & Social Justice Shri V. E. Abdul Gafoor moved Demand No. XXXIII – Fisheries and Demand No. XLVI – Social Security and Welfare, Minister for Forest, Wildlife & Skill Development Shri Shibu Baby John moved Demand No. XXXIV – Forest, Minister for Transport Shri C. P. John moved Demand No. XLI – Transport and Minister for Tourism & Culture Shri P. C. Vishnunadh moved Demand No. XLII – Tourism for the amounts shown respectively against them under column No. 5 in the list of Demands for Grants.

Cut motions were moved.

The following Members took part in the discussion;

Shri M. Vincent

Shri P. P. Sumod

Shri A. K. M. Ashraf

Smt. Geetha Gopi

Shri Reji Cherian

Shri B. B. Gopakumar

Shri Ullas Kovur

Shri P. K. Praveen

Shri G. Sudhakaran

Shri C. R. Mahesh

Shri M. M. Naseer

Shri T. P. Ashrafali

Shri Jyothi Kumar Chamakkala

Shri K. Premkumar

Shri T. J. Vinod

Shri P. K. Navas

Shri Senapathy Venu

Shri Vinu Job Kuzhimannil

Shri Kurukkoli Moideen

Shri I. C. Balakrishnan

Shri P. A. Mohamed Riyas

Minister for Public Works Shri. P. K. Basheer, Minister for Water Resources and Housing Shri Mons Joseph, Minister for Local Self Government Shri K. M. Shaji, Minister for Labour, Animal Husbandry & Women and Child Development Smt. Bindu Krishna, Minister for Welfare of Scheduled Castes, Scheduled Tribes & Backward Classes Smt. K. A. Thulasi, Minister for Agriculture Shri T. Siddique, Minister for Food and Civil Supplies Shri Anoop Jacob, Minister for Fisheries & Social Justice Shri V. E. Abdul Gafoor, Minister for Forest, Wildlife & Skill Development Shri Shibu Baby John, Minister for Transport Shri C. P. John, and Minister for Tourism & Culture Shri P. C. Vishnunadh replied to the points raised during the discussion. The cut motions were declared lost. Then the Demand Nos.

XV, XX, XXI, XXII, XXIV, XXV, XXIX, XXX, XXXIII, XXXIV, XXXV, XXXVI, XXXVIII, XLI, XLII, and XLVI were put to vote and passed.

Demand Nos. I, IV, VII, X, XI, XIII, XIV, XVI, XIX, XXIII, XXVI, XXVIII, XXXI, XXXII, XLIII, and XLV were passed without discussion.

The House adjourned at 06.05 p.m. to meet again at 9.00 a.m on Wednesday July 1, 2026.

SHAJI C. BABY,
*Secretary-in-Charge.*